# യോഹന്നാന്റെ ജീവപഠനം

## ദൂത് ഇരുപത്

## പാപത്തിന്റെ ബന്ധനത്തിൻ കീഴിലുള്ളവരുടെ ആവശ്യം-ജീവന്റെ സ്വതന്ത്രമാക്കൽ (2)

Mon

### F. സ്വതന്ത്രമാക്കുന്ന മാർഗ്ഗം

#### *1. ജീവന്റെ വെളിച്ചത്താൽ*

കർത്താവായ യേശു പാപത്തിൽനിന്ന് നമ്മെ എങ്ങനെ സ്വതന്ത്രരാക്കുന്നു? ജീവന്റെ വെളിച്ചമായി നമ്മിലേക്ക് വരുന്നതിനാൽ അവൻ അത് ചെയ്യുന്നു. ഈ വെളിച്ചം നമുക്ക് പുറമേയല്ല; അത് നമ്മിലാണ്. നാം കർത്താവിനെ സ്വീകരിച്ചപ്പോൾ, നമ്മുടെ ജീവനായി അവൻ നമ്മിലേക്ക് പ്രവേശിച്ചു. ഉള്ളിൽ വസിക്കുന്ന ഈ ജീവൻ ഇപ്പോൾ നമ്മുടെ ഉള്ളിൽ പ്രകാശിക്കുന്നു. അതാണ് വെളിച്ചം. ക്രമേണ തനിയേതന്നെ, ഉള്ളിൽ വസിക്കുന്ന ഈ ജീവന്റെ പ്രകാശനം നമ്മെ സ്വതന്ത്രരാക്കുന്നു. പാപത്തിന്റെ അടിമത്തത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിക്കുക എന്നത് പെട്ടെന്ന് നടക്കുന്നതായ ഒരു കാര്യമല്ല; അതിനു സമയം ആവശ്യമാണ്. ഒരു സെക്കന്റിൽ നിങ്ങൾ ജീവൻ പ്രാപിച്ചേക്കാമെങ്കിലും, പാപത്തിൽനിന്നു സ്വതന്ത്രമാകുക എന്നത് അത്ര എളുപ്പമല്ല.

നമ്മുടെ ദ്വേഷ്യം നമുക്ക് ഉദാഹരണമായെടുക്കാം. എല്ലാവർക്കും ദ്വേഷ്യമുണ്ട്. നിങ്ങൾക്ക് ദ്വേഷ്യമില്ലെങ്കിൽ നിങ്ങളൊരു മനുഷ്യനല്ല. ഒരു മേശയ്ക്ക് ദ്വേഷ്യമില്ല. ഒരു മേശയെ നിങ്ങൾ എത്രമാത്രം ഇടിച്ചാലും അതിന്റെ മാനസികനില നഷ്ടപ്പെടുകയില്ല, കാരണം അതിന് നഷ്ടപ്പെടുവാൻ മാനസികാവസ്ഥയില്ല. എന്നാൽ നിങ്ങൾ എങ്ങനെയാണ്? എല്ലാവർക്കും ഒരു പ്രത്യേക അളവ് ദ്വേഷ്യമുണ്ട്. ഈ ദ്വേഷ്യം നമ്മുടെ സർപ്പസ്വഭാവത്തിന്റെ ഒന്നാമത്തെ വെളിപ്പെടലാണ്. നമ്മിലുള്ള സാത്താന്റെ പ്രഥമഭാവം നമ്മുടെ ദ്വേഷ്യമാണ്. ഒരു വ്യക്തി

ദ്വേഷ്യപ്പെടുമ്പോൾ അവനൊരു സർപ്പത്തിന്റെ ഭാവമുണ്ട്. ദ്വേഷ്യപ്പെടുമ്പോൾ ആരും മാലാഖയെപ്പോലെ ആയിരിക്കുകയില്ല. നിങ്ങൾ ഭാര്യയോടു ദ്വേഷ്യപ്പെടുമ്പോൾ, നിങ്ങളൊരു ഭൂതത്തെപ്പോലെയാണ്. ദയാലുവായ ഒരമ്മ തന്റെ കുഞ്ഞിനോടു കയർക്കുമ്പോൾ കുഞ്ഞ് ഭയപ്പെടുന്നു. കാരണം അപ്പോൾ അവന്റെ അമ്മ ഒരു ഭൂതത്തെപ്പോലെയാണ്. നാം ദ്വേഷ്യപ്പെടുമ്പോൾ നമ്മുടെ സർപ്പസ്വഭാവം വെളിപ്പെടുന്നു. ദ്വേഷ്യം നമ്മെ വളരെയധികം അലട്ടുന്നു; അതു നമ്മെ എപ്പോഴും ഞെരുക്കുന്നു. ഞാനൊരു അന്വേഷകനായ ക്രിസ്ത്യാനിയായിരുന്ന അൻപത് വർഷം, എന്റെ ദ്വേഷ്യത്തെക്കാളധികം എന്നെ മറ്റൊന്നും അലട്ടിയിട്ടില്ല. നമ്മുടെ ദ്വേഷ്യത്തിൽനിന്ന് സ്വതന്ത്രരാകുക എത്ര വിഷമകരമാണ്! കർത്താവായ യേശു എന്നിലേക്ക് വന്ന ദിവസം മുതൽ അവൻ എന്റെ ജീവനായിരുന്നു എന്ന് എന്റെ അനുഭവത്തിൽനിന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഈ ജീവൻ തുടർച്ചയായി എന്നിൽ പ്രകാശിച്ചുകൊണ്ടിരുന്നു. യേശു എന്റെ ഉള്ളിൽ പ്രകാശിക്കുന്തോറും ഞാനെന്റെ ദ്വേഷ്യത്തിൽനിന്ന് കൂടുതൽ സ്വതന്ത്രനാക്കപ്പെട്ടു. ചിലപ്പോൾ ഞാൻ ദ്വേഷ്യപ്പെട്ട സമയത്ത് ഈ ജീവൻ ശക്തമായി പ്രകാശിച്ചു. നിങ്ങളും ഇത് നന്നായി അനുഭവമാക്കിയിട്ടില്ലേ? നിങ്ങൾ ഭാര്യയോടു ദ്വേഷ്യപ്പെടുമ്പോൾ, വെളിച്ചം പ്രകാശിക്കുന്നു. അവിശ്വാസികൾ ദ്വേഷ്യപ്പെടുന്തോറും അവർക്ക് അധികം ദ്വേഷ്യമുണ്ടാകുന്നു. എന്നാൽ അന്വേഷകരായ ക്രിസ്ത്യാനികളായ നാം ദ്വേഷ്യപ്പെടുവാൻ തുടങ്ങുമ്പോൾ, നമുക്ക് ദ്വേഷ്യം കുറഞ്ഞു കുറഞ്ഞു വരുന്നത് കാണാം. ചിലപ്പോൾ ഒരു സഹോദരനോ സഹോദരിയോ ദ്വേഷ്യപ്പെടുമ്പോൾ, അവർ ആന്തരിക പ്രകാശനത്താൽ നിയന്ത്രിക്കപ്പെടുന്നു. ആന്തരികമായ ചിലത് അവരുടെമേൽ പ്രകാശിക്കുകയും സർപ്പസ്വഭാവത്തെ കൊല്ലുകയും ചെയ്യുന്നു. അൻപതു വർഷത്തെ അനുഭവത്തിനു ശേഷം ഇപ്പോൾ എനിക്ക് ദ്വേഷ്യപ്പെടുന്നത് പ്രയാസമാണെന്ന് പറയുവാൻ കഴിയും. അൻപത് വർഷമായി ദ്വേഷ്യം എന്ന സർപ്പസ്വഭാവത്തെ സർഗ്ഗീയ റേഡിയം കൊന്നുകൊണ്ടിരിക്കുന്നു.

ചില പ്രത്യേക രോഗങ്ങൾക്ക് റേഡിയേഷൻ ചികിത്സ നല്കപ്പെടുന്നു. രോഗിയെ റേഡിയത്തിൻകീഴിൽ ഇരുത്തി അതിന്റെ രശ്മികൾ അവനിലേക്ക് കടത്തിവിടുന്നു. നമ്മുടെ ഉള്ളിൽ ഒരു സ്വർഗ്ഗീയ റേഡിയമുണ്ട്. അത് നമ്മിലുള്ള സർപ്പസ്വഭാവത്തെ കൊല്ലുന്നു. ഇതാണ് പാപത്തിന്റെ അടിമത്തത്തിൽനിന്ന് നമ്മെ സ്വതന്ത്രരാക്കുന്ന ജീവവെളിച്ചം.

Tue

### *2. യാഥാർത്ഥ്യമായ പുത്രനാൽ*

നാം പാപത്തിൽനിന്ന് സ്വതന്ത്രരാകുന്നത് ജീവവെളിച്ചത്തിന്റെ പ്രകാശനത്താൽ മാത്രമല്ല, യാഥാർത്ഥ്യമെന്ന നിലയിൽ പുത്രനാലു

മാണ്(8:32,36). യാഥാർത്ഥ്യം എന്നത് ഉപദേശം എന്ന സത്യം എന്ന് വിളിക്കപ്പെടുന്നതല്ല; അത് കർത്താവുതന്നെയായ സത്യം എന്ന യാഥാർത്ഥ്യമാണ് (14:6;1:14,17). 8:32-ൽ യാഥാർത്ഥ്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നു പറയുന്നു. 8:36-ൽ പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കും എന്നു നമ്മോട് പറയുന്നു. ഇത് തെളിയിക്കുന്നത് കർത്താവു തന്നെയായ പുത്രനാണ് യാഥാർത്ഥ്യം എന്നാണ്. കർത്താവ് ദൈവത്തിന്റെ ദേഹരൂപമായിരിക്കുന്നതുകൊണ്ട്(കൊലൊ.2:9), ദൈവം എന്താണോ അതിന്റെ യാഥാർത്ഥ്യമാണ് അവൻ. അങ്ങനെ, യാഥാർത്ഥ്യം എന്നത് നാം അനുഭവിച്ചറിയുന്ന ദൈവത്തിന്റെ ദിവ്യമൂലകം തന്നെയാണ്. മഹാനായ ഞാനാകുന്നവൻ എന്ന നിലയിൽ കർത്താവ് നമ്മിലേക്ക് ജീവനായി കടന്നുവരുമ്പോൾ, അവൻ നമ്മുടെ ഉള്ളിൽ വെളിച്ചമായി പ്രകാശിക്കുന്നു, അത് യാഥാർത്ഥ്യമായി ദിവ്യമൂലകം നമ്മിലേക്ക് കൊണ്ടുവരുന്നു. നമ്മിലേക്ക് പകരപ്പെടുകയും നാം അനുഭവിച്ചറിയുകയും ചെയ്യുന്ന ദിവ്യമൂലകമായ ഈ യാഥാർത്ഥ്യം മനുഷ്യന്റെ വെളിച്ചമായി ദിവ്യജീവനാൽ നമ്മെ പാപത്തിന്റെ അടിമത്തത്തിൽനിന്നും സ്വതന്ത്രരാക്കുന്നു. ദൈവത്വത്തിന്റെ നിറവ് തന്നെയായ ദൈവപുത്രനാണ് യാഥാർത്ഥ്യം. അവൻ ജീവനായി നമ്മിൽ പ്രകാശിക്കുമ്പോൾ, അവന്റെ യാഥാർത്ഥ്യത്തെ, ദിവ്യമൂലകത്തെ നമ്മിലേക്ക് പണിതു ചേർക്കുന്നു. ഇത് വെറും പ്രകാശിക്കലല്ല; ഇത് ദൈവം എന്താണോ അതിന്റെ യാഥാർത്ഥ്യം നമ്മുടെ ആളത്തത്തിലേക്ക് കൊണ്ടുവരുന്നതായ പ്രകാശനമാണ്. തുടർന്ന് ദിവസംതോറും, വർഷംതോറും ഈ ദിവ്യമൂലകം നമ്മുടെ ആളത്തത്തിൽ ശേഖരിക്കപ്പെടുന്നു. അങ്ങനെ, നമ്മുടെ ആളത്തത്തിൽ ഒരു പ്രത്യേക അളവ് ദിവ്യയാഥാർത്ഥ്യം ഉണ്ടായിരിക്കും. ആർക്കും ഇത് നിഷേധിക്കുവാൻ കഴിയുകയില്ല.

അൻപത് വർഷത്തിലേറെയായി ഞാനൊരു അന്വേഷകനായ ക്രിസ്ത്യാനിയാണ്. എനിക്ക് വീഴുവാനോ ഇടറുവാനോ കഴിയുകയില്ലെന്ന് ഞാൻ പറയുകയില്ല. ഒരുപക്ഷേ നാളെ എന്റെ പ്രിയ ഭാര്യയാലോ ഒരു സഹോദരനാലോ ഞാനിടറിപ്പോകാം. എന്നിരുന്നാലും, ഞാനെത്രമാത്രം ഇടറിപ്പോയാലും, കഴിഞ്ഞ അൻപത് വർഷമായി എന്റെ ആളത്തത്തിലേക്ക് പണിതുചേർക്കപ്പെട്ടിരിക്കുന്ന ദിവ്യമൂലകം ഒരിക്കലും നഷ്ടപ്പെടുകയില്ല. ഞാൻ ഇടറിയാലും, വലിയൊരളവ് ദിവ്യമൂലകത്തോടുകൂടെ, ഞാൻ ഇടറും.

നമ്മുടെ ആന്തരിക ജീവന്റെ തിളക്കത്താലും നമ്മുടെ ആളത്തത്തിലുള്ള ദിവ്യമൂലകത്തിന്റെ പ്രവൃത്തിയാലും, നാം പാപത്തിന്റെ അടിമത്തത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെട്ടു. നമ്മുടെ രക്തത്തിലെ രോഗത്തെ സുഖപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന ചികിത്സ പോലെയാണ് ഇത്. നമ്മുടെ രക്തത്തിൽനിന്ന് രോഗത്തെ നീക്കികള

യുക എന്നത് വളരെ പ്രയാസമാണ്. നമുക്ക് മരുന്നാവശ്യമാണ്. ദിവസം പല പ്രാവശ്യമായി ഞാൻ മരുന്ന് കഴിച്ചാൽ ഒരു വശത്ത് മരുന്ന് രോഗാണുക്കളെ നശിപ്പിക്കുകയും, മറുവശത്ത് അനുലോമമൂലകങ്ങളെ എന്റെ ശരീരത്തിലേക്ക് ജൈവികമായി ചേർക്കുകയും ചെയ്യും. ഈ അനുലോമ മൂലകം എന്റെ ശരീരകോശങ്ങളെ പോഷിപ്പിക്കും. തത്ഫലമായി, രോഗം നീങ്ങിപ്പോകും, ഇപ്രകാരമുള്ള ഒരു ചയാപചയപ്രക്രിയയിലൂടെ പഴയമൂലകം പുറന്തള്ളപ്പെടുകയും പകരം പുതിയ മൂലകം സ്വീകരിക്കുകയും ചെയ്യുന്നു. ഇതേ മാർഗ്ഗത്തിലാണ് ദിവ്യജീവൻ നമ്മെ പാപത്തിന്റെ അടിമത്തത്തിൽനിന്നു സ്വതന്ത്രരാക്കുന്നത്. ഇത് റോമർ 6 പ്രകാരം നിങ്ങളെത്തന്നെ മരിച്ചവരായി എണ്ണുന്ന ഒരു സംഗതിയല്ല. നമ്മിൽ പലരും കഴിഞ്ഞ കാലത്ത് ഇതിനു ശ്രമിച്ചിട്ട് പ്രാവർത്തികമല്ലെന്ന് കണ്ടിട്ടുണ്ട്. ഇല്ല, നിങ്ങളിൽ വസിക്കുന്ന യേശുവിനെ പ്രകാശിക്കുന്ന വെളിച്ചമായും ആന്തരികമായി പ്രവർത്തിക്കുന്ന ദിവ്യമൂലകമായും നിങ്ങൾ അനുഭവമാക്കണം. തത്ഫലമായി, സ്വർഗ്ഗീയ ദിവ്യമൂലകം നിങ്ങളുടെ ആളത്തത്തിലേക്ക് ചേർക്കപ്പെടും. അതാണ് നമ്മുടെ രക്ഷ.

ഇനിയും പാപം ചെയ്യാതെ നമ്മെ സൂക്ഷിക്കുവാൻ കർത്താവിന് എങ്ങനെ കഴിയും? പാപത്തിന്റ അടിമത്തത്തിൽനിന്നും ബന്ധനത്തിൽനിന്നും നമ്മെ സ്വതന്ത്രരാക്കുവാൻ അവന് എങ്ങനെ കഴിയും? മഹാനായ ഞാനാകുന്നവൻ നമ്മുടെ ജീവനായിത്തീർന്നിരിക്കുന്നതുകൊണ്ടും, ഈ ജീവൻ ജീവന്റെ വെളിച്ചമായതുകൊണ്ടും മാത്രം. നാം അവനെ സ്വീകരിച്ചപ്പോൾ, അവൻ നമ്മുടെ ജീവനായിത്തീർന്നു. ഈ ജീവൻ നമ്മെ പാപത്തിന്റെ ഇരുട്ടിൽനിന്ന് പുറത്തുകൊണ്ടുവരുന്ന വെളിച്ചംതന്നെ ആയിത്തീരുന്നു. ജീവന്റെ വെളിച്ചത്തിനുമാത്രമേ നമ്മെ പാപത്തിന്റെ ബന്ധനത്തിൽനിന്നും അടിമത്തത്തിൽനിന്നും സ്വതന്ത്രരാക്കുവാൻ കഴിയുകയുള്ളൂ. കർത്താവിന് നമ്മോട് ക്ഷമിക്കുവാൻ കഴിയും. കാരണം അവൻ ക്രൂശിന്മേൽ ഉയർത്തപ്പെട്ട് നമുക്കായി മരിച്ച മനുഷ്യപുത്രനാണ്. കർത്താവിന് ഇപ്പോൾ നമ്മെ വിടുവിക്കുവാനും പാപത്തിന്റെ ബന്ധനത്തിൽനിന്ന് സ്വതന്ത്രരാക്കുവാനും കഴിയും, കാരണം, അവൻ നമ്മുടെ ഉള്ളിൽ ജീവിക്കുന്ന മഹാനായ ഞാനാകുന്നവനാണ്. അവൻ ഇപ്പോൾ നമ്മുടെ ഉള്ളിലെ വെളിച്ചമായ ജീവൻ ആയിത്തീരുന്നു. ഈ ജീവന്റെ വെളിച്ചത്തിന് നമ്മെ പാപത്തിന്റെ ബന്ധനത്തിൽനിന്ന് സ്വതന്ത്രരാക്കുവാനും, പാപത്തിന്റെ ഇരുട്ടിൽനിന്ന് വിടുവിക്കുവാനും കഴിയും. അതുകൊണ്ട്, ക്രിസ്തു നമ്മുടെ ജീവനും വെളിച്ചവും ആയിത്തീരുന്നതിനാൽ മാത്രമേ നാം സ്വതന്ത്രരാകുന്നുള്ളൂ എന്നു നാം ഗ്രഹിക്കണം. അതിലുപരിയായി, ഈ ജീവനും വെളിച്ചവും നമ്മെ സത്യത്തിലേക്ക്, അതായത്, യാഥാർത്ഥ്യത്തിലേക്ക് കൊണ്ടുവരുകയും ചെയ്യും. കർത്താ

വായ യേശുവിനെ നിങ്ങളുടെ ജീവനും വെളിച്ചവുമായി നിങ്ങൾ സ്വീകരിക്കുകയും ആസ്വദിക്കുകയും ചെയ്തതിനുശേഷം, ഈ ദിവ്യ ജീവനും വെളിച്ചവും നിങ്ങളെ യാഥാർത്ഥ്യത്തിലേക്ക് കൊണ്ടുവരു മെന്ന് നിങ്ങൾ കണ്ടെത്തും. യാഥാർത്ഥ്യത്തിലേക്ക് കൊണ്ടുവന്നതിനു ശേഷം, നിങ്ങളെ കാപട്യത്തിൽനിന്ന് വിടുവിക്കും. ആളുകൾ അനാ യാസം പാപം ചെയ്യുന്നതിനുള്ള കാരണം, അവർ കാപട്യത്തിൽ ജനിച്ചവരാണെന്നതാണ്. ദൈവത്തിന്റെ ശത്രുവായ പിശാചിൽനിന്ന് ജനിച്ചവരാകകൊണ്ട്, അവരെല്ലാം ഭോഷ്കു പറയുന്നവരായി ജനിച്ചു. ഭോഷ്കു പറയുന്നവരുടെ പിതാവായ പിശാചാണ് ഏറ്റവും വലിയ അസത്യവാദി. അതുകൊണ്ട് ഭോഷ്കു പറയുന്നവരുടെ പിതാവ് എല്ലാ പാപികളെയും കാപട്യത്തിന്റെ ഇരുട്ടിലേക്ക് കൊണ്ടുവന്നിരിക്കുന്നു. സാത്താന്റെ ജീവൻ അവരെ ഇരുട്ടിലേക്കും, ഇരുട്ട് അവരെ കാപട്യ ത്തിലേക്കും കൊണ്ടുവന്നിരിക്കുന്നു. അതുകൊണ്ട്, ആളുകൾ കാപട്യത്തിലായിരിക്കുന്നിടത്തോളം അവർക്ക് പാപം ചെയ്യുക വളരെ എളുപ്പമാണ്. എന്നാൽ നാം ഇപ്പോൾ കർത്താവിനെ നമ്മുടെ ഉള്ളിൽ ജീവനും വെളിച്ചവുമായി സ്വീകരിച്ചതുകൊണ്ട് കർത്താവിനെ സ്തുതിക്കാം. ഈ ജീവനും വെളിച്ചവും നമ്മെ യാഥാർത്ഥ്യത്തിലേക്ക് കൊണ്ടുവരുകയും, അത് നമ്മെ പാപത്തിന്റെ ബന്ധനത്തിൽനിന്നും അടിമത്തത്തിൽനിന്നും സ്വതന്ത്രരാക്കുകയും ചെയ്യും.

ഈ ഭാഗത്ത് രണ്ടു പിതാക്കന്മാർ തമ്മിൽ ഒരു താരതമ്യം ഉണ്ട്. ഒന്ന് ഭോഷ്ക് പറയുന്നവരുടെ പിതാവ്, കാപട്യത്തിന്റെ പിതാവ്, കൊലപാതകത്തിന്റെ പിതാവ്, വ്യഭിചാരത്തിന്റെ പിതാവ് ആണ്. ആദിയിൽ, നാം ഈ പിതാവിൽനിന്ന് ജനിച്ചവരായിരുന്നു. നാം കേവലം നമ്മുടെ മാതാപിതാക്കളിൽനിന്നു ജനിച്ചവരാണെന്ന് ചിന്തി ക്കരുത്. ഒരു വശത്ത്, നാം നമ്മുടെ മാതാപിതാക്കളിൽനിന്നു ജനിച്ച വരാണ്. എന്നാൽ മറുവശത്ത്, നാം ഭോഷ്കുകളുടെ ദുഷ്ടപിതാ വിൽനിന്നു ജനിച്ചവരാണ്. അവൻ ഏറ്റവും വലിയ നുണയനും, ചെറിയ നുണയന്മാരായ നാമെല്ലാം നുണയന്മാരായി ജനിച്ചവരുമാണ്. നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ(8:44). നാം ഈ ഭോഷ്കുക ളുടെ പിതാവിൽനിന്ന് ജനിച്ചു. തത്ഫലമായി നാം ഭോഷ്കുകളുടെ പുത്രന്മാരായി ജനിച്ചു. നാം അമേരിക്കക്കാരോ ചൈനക്കാരോ ആയി ജനിച്ചവരാണെന്ന് ചിന്തിക്കരുത്, കാരണം നാം ഓരോരുത്തനും ഭോഷ്ക് പറയുന്നവനായി ജനിച്ചവനാണ്.

മറ്റൊരു പിതാവ്, സ്വർഗ്ഗീയ പിതാവ്, വെളിച്ചത്തിന്റെയും ജീവ ന്റെയും പിതാവുള്ളതുകൊണ്ട് കർത്താവിന് സ്തോത്രം. അവൻ ഒരു മനുഷ്യനായി ജഡാവതാരം ചെയ്ത മഹാനായ ഞാനാകുന്ന വനാണ്. മനുഷ്യപുത്രൻ എന്ന നിലയിൽ നമ്മുടെ പാപങ്ങൾക്കു വേണ്ടി അവൻ ക്രൂശിന്മേൽ ഉയർത്തപ്പെടുകയും, നമുക്കായി മരി

ക്കുകയും ചെയ്തു. ഇപ്പോൾ, അവനിലും, അവൻ നമുക്കു വേണ്ടി എന്തു ചെയ്തു എന്നതിലും, നാം വിശ്വസിക്കുന്നുവെങ്കിൽ, മഹാനായ ഞാനാകുന്നവനും ജീവന്റെ പിതാവുമായ അവൻ, നമ്മുടെ ജീവനും വെളിച്ചവുമായിരിക്കുവാൻ നമ്മുടെ ഉള്ളിലേക്ക് വരും. പിന്നീട് അവൻ നമ്മെ കാപട്യത്തിൽനിന്നു യാഥാർത്ഥ്യത്തിലേക്കും, ഇരുട്ടിൽനിന്നു വെളിച്ചത്തിന്റെ രാജ്യത്തിലേക്കും വിടുവിക്കുകയും അവിടെ നാം പാപത്തിന്റെ ബന്ധനത്തിൽനിന്നും അടിമത്തത്തിൽ നിന്നും സ്വതന്ത്രരാകുകയും ചെയ്യും.

## IV. കർത്താവിന്റെ വ്യക്തിത്വം

കർത്താവിന്റെ വ്യക്തിത്വം വെളിപ്പെടുത്തുന്നതുകൊണ്ട്, ഇനിയും വേറെ ചിലത് ഈ അദ്ധ്യായത്തിലുണ്ട്. കർത്താവ് ആരാണെന്നത് അത് നമ്മെ കാണിക്കുന്നു.

### A. മഹാനായ ഞാനാകുന്നവൻ

മഹാനായ ഞാനാകുന്നവനായ യഹോവയാണ് കർത്താവ്(8:24, 28,58). ഞാനാകുന്നവൻ എന്നത് യഹോവയെന്ന പേരിന്റെ അർത്ഥവും (പുറ.3:14) യഹോവ എന്നത് മനുഷ്യനോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ പേരും ആകുന്നു(ഉല്പ.2:7). അങ്ങനെ, ഇത് മനുഷ്യനോടുള്ള ബന്ധത്തിൽ എന്നേക്കും നിലനിൽക്കുന്ന ദൈവമായി കർത്താവിനെ സൂചിപ്പിക്കുന്നു. കർത്താവ് മഹാനായ ഞാനാകുന്നവൻ ആയി നിത്യത മുതൽ നിത്യത വരെ നിലനിൽക്കുന്ന ശാശ്വതനാണ്. അവൻ ആദ്യന്ത വിഹീനനാണ്. മഹാനായ ഞാനാകുന്നവൻ എന്ന നിലയിൽ അവൻ സ്വയം നിലനിൽക്കുന്നവൻ നിത്യതയോളം എന്നേക്കും നിലനിൽക്കുന്നവൻ ആണ്. അവൻ നസറെത്തിൽനിന്നുള്ള ഒരു മനുഷ്യനായ യേശു മാത്രമല്ല; അവൻ മഹാനായ ഞാനാകുന്നവൻ ആണ്.

കർത്താവ് ഞാനാകുന്നവൻ എന്നു പറയുന്നതിന്റെ അർത്ഥം നമുക്ക് എന്താവശ്യമുണ്ടോ അതാകുന്നു അവൻ എന്നാണ്. അത് നിങ്ങൾക്ക് ആവശ്യമുള്ള തുക എഴുതിയെടുക്കാവുന്ന പൂരിപ്പിക്കാത്ത ചെക്ക് ലഭിച്ചതുപോലെയാണ്. നിങ്ങൾക്ക് വെളിച്ചം ആവശ്യമാണെങ്കിൽ കേവലം വെളിച്ചം എന്നെഴുതിയാൽ കർത്താവ് നിങ്ങളുടെ വെളിച്ചം ആയിരിക്കും. നിങ്ങൾക്ക് ആശ്വാസം വേണമെങ്കിൽ കർത്താവ് നിങ്ങളുടെ ആശ്വാസമായിരിക്കും. ഇത്തരം ചെക്ക് ഒരിക്കലും മടങ്ങുകയില്ല, കാരണം സ്വർഗ്ഗീയ അക്കൗണ്ടിലെ നിക്ഷേപത്തിന് ഒരിക്കലും കുറവുണ്ടാകുകയില്ല. ഒരു വലിയ തുക എഴുതുവാനുള്ള ധൈര്യം ഉണ്ടായിരിക്കുക. എന്തെഴുതണം എന്നത് നിങ്ങളുടെ തീരുമാനമാണ്. കർത്താവ് നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം ആണ്. നിങ്ങളുടെ യഥാർത്ഥ ആവശ്യം എന്താണെന്ന് എഴുതേണ്ടത് നിങ്ങളാണ്. അവൻ മഹാനായ ഞാനാകുന്നവൻ ആണ്.

## B. അബ്രഹാമിനു മുമ്പേ ഉള്ളവനും അബ്രഹാമിനെക്കാൾ വലിയവനും

നിത്യനായ എന്നേക്കും നിലനിൽക്കുന്ന ദൈവമായ മഹാനായ ഞാനാകുന്നവനായ കർത്താവ് അബ്രഹാമിന് മുമ്പേ ഉള്ളവനും അബ്രഹാമിനേക്കാൾ വലിയവനും ആണ്(8:53). യെഹൂദന്മാർ ഇത് മനസ്സിലാക്കാതെ കർത്താവിനോട് വാദിച്ചു. യെഹൂദന്മാർ അവനോട്, നിനക്ക് അമ്പത് വയസ്സ് ആയിട്ടില്ല നീ അബ്രഹാമിനെ കണ്ടിട്ടുണ്ടോ? എന്നു ചോദിച്ചു. യേശു അവരോട്, ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു,"അബ്രഹാം ജനിച്ചതിനു മുമ്പേ ഞാൻ ഉണ്ട്"(8:57-58). ഇവിടുത്തെ വ്യാകരണം ബുദ്ധിമുട്ടുളവാക്കുന്നതാണ്. കാരണം കർത്താവ് പറഞ്ഞു,"അബ്രഹാം ജനിച്ചതിനു മുമ്പേ ഞാൻ ഉണ്ട്". വ്യാകരണമനുസരിച്ച്, കർത്താവ് പറയേണ്ടിയിരുന്നത് "ഞാൻ ഉണ്ടായിരുന്നു"എന്നാണ്. എന്നാൽ അവൻ ഇപ്പോഴുള്ളവനായ ഞാനാകുന്നവനാണ്. കഴിഞ്ഞ കാലമോ വർത്തമാനകാലമോ ഭാവികാലമോ ആയാലും അവൻ എപ്പോഴും ഇപ്പോഴുള്ളവനാണ്.

## C. പുത്രൻ യാഥാർത്ഥ്യമായി

32-ഉം 36-ഉം വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, പുത്രനാണ് യാഥാർത്ഥ്യം. എല്ലാ ദിവ്യ മൂലകവും തന്റെ വിശ്വാസികളിലേക്ക് പകരുന്നതിനായി യാഥാർത്ഥ്യമെന്ന നിലയിൽ കർത്താവാണ് പുത്രൻ.

Thu

## D. മനുഷ്യപുത്രൻ

കർത്താവിന്റെ മറ്റൊരു ഭാവം അവൻ മനുഷ്യപുത്രനാകുന്നു എന്നതാണ്. ഒരു വശത്ത്, അവൻ മഹാനായ ഞാനാകുന്നവനാണ്. മറുവശത്ത്, അവൻ മനുഷ്യപുത്രനാണ്(8:28). യെഹൂദന്മാർ മനുഷ്യപുത്രനെ ഉയർത്തി, എന്നാൽ അവർക്ക് ഞാനാകുന്നവനെ ഉയർത്താൻ കഴിഞ്ഞില്ല. ഇത് വളരെ വിചിത്രമായി തോന്നും. എന്നാൽ 28-ാം വാക്യം അനുസരിച്ച് മനുഷ്യപുത്രനെ ഉയർത്തുമ്പോൾ മാത്രമേ മഹാനായ ഞാനാകുന്നവനായ യഹോവയായി അവർ അവനെ അറിയുകയുള്ളൂ. പഴയ സർപ്പത്തെ പുറത്തു തള്ളിക്കളയുവാൻ സർപ്പവിഷമേറ്റ പാപികൾക്കുവേണ്ടി സർപ്പരൂപത്തിൽ അവൻ ഉയർത്തപ്പെട്ടു(യോഹ. 3:14;12:31-34; വെളി.12:9;20:2). സർപ്പപ്രകൃതിയോടും സർപ്പത്തോടു തന്നെയും ഇടപെടുന്നതിനായി അവൻ ഉയർത്തപ്പെട്ടു.

പാപമില്ലാത്ത ഒരുവൻ ആയിരിക്കുവാൻ കർത്താവിന് എങ്ങനെ കഴിഞ്ഞു? എന്തുകൊണ്ടെന്നാൽ അവൻ മഹാനായ ഞാനാകുന്നവനായ യഹോവയാണ്. കർത്താവിന് എങ്ങനെ പാപത്തെ കുറ്റം വിധി

ക്കുവാൻ കഴിഞ്ഞു? അതും അവൻ മഹാനായ ഞാനാകുന്നവനായതുകൊണ്ട്. എന്നാൽ അവന് എങ്ങനെ യഹോവയെന്ന നിലയിൽ പാപം ക്ഷമിക്കുവാൻ കഴിയും? യഹോവയ്ക്ക് പാപം ക്ഷമിക്കുവാൻ ഒരിക്കലും കഴിയുകയില്ലെന്ന് നിങ്ങൾ ഓർത്തിരിക്കണം. യഹോവ പാപം ക്ഷമിച്ചുവെങ്കിൽ, അവൻ കേവലം തന്നെത്തന്നെ അനീതിയുള്ളവൻ ആക്കുമായിരുന്നു അവന് പാപം ക്ഷമിക്കുവാൻ ഒരേയൊരു മാർഗ്ഗമേയുള്ളു. അത് മനുഷ്യപുത്രനായിത്തീർന്ന് കൂശിന്മേൽ തറയ്ക്കപ്പെടുന്നതിലൂടെ. അതായത്, വീണ്ടെടുപ്പിലൂടെ മാത്രമേ അവന് പാപം ക്ഷമിക്കുവാൻ കഴിയുമായിരുന്നുള്ളൂ. വീണ്ടെടുപ്പില്ലാതെ ദൈവത്തിനുപോലും പാപം ക്ഷമിക്കുവാൻ കഴിയുമായിരുന്നില്ല. വീണ്ടെടുപ്പില്ലാതെ പാപമോചനത്തിന് യാതൊരു അടിസ്ഥാനവും ഉണ്ടാകുമായിരുന്നില്ല. അവൻ ക്രൂശിൽ മനുഷ്യപുത്രനായി ഉയർത്തപ്പെടുകയും, നമ്മുടെ പാപങ്ങൾ വഹിക്കുകയും, നമ്മുടെ പാപങ്ങളിൽ നിന്നെല്ലാം നമ്മെ വീണ്ടെടുക്കുകയും ചെയ്തതിനാൽ, അവന് പാപങ്ങൾ ക്ഷമിക്കുവാനുള്ള സ്ഥാനമുണ്ടായിരുന്നു.

കർത്താവ് വചനവും ആത്മാവും ആകുന്നുവെന്നും യോഹന്നാന്റെ സുവിശേഷം മുഴുവൻ വെളിപ്പെടുത്തുന്നു. ഇപ്രകാരമൊരു ചിന്ത യോഹന്നാന്റെ സുവിശേഷത്തിലുടനീളം ഉണ്ട്. ഈ സുവിശേഷത്തിലുള്ള കർത്താവിന്റെ അത്ഭുതകരമായ വ്യക്തിത്വം നിങ്ങൾ ഒരിക്കൽ കണ്ടാൽ, നിങ്ങൾ ചോദിക്കും,"എവിടെയാണവൻ? അവനുമായി ബന്ധപ്പെടുവാൻ എനിക്കെങ്ങനെ കഴിയും? വചനത്തിലും ആത്മാവിലും അവൻ ഉള്ളതിനായി കർത്താവിനെ സ്തുതിക്കാം. കാരണം അവൻ വചനവും ആത്മാവുമാണ്. നിങ്ങൾക്ക് ഇപ്പോൾ വചനവും ആത്മാവുമുണ്ട്. ആത്മാവിനെ സ്പർശിക്കുകയും വചനം സ്വീകരിക്കുകയും ചെയ്താൽ നിങ്ങൾക്ക് കർത്താവിനെത്തന്നെ ലഭിക്കും. കർത്താവിന്റെ വചനത്തിൽ വസിക്കുകയും തുടരുകയും ചെയ്യുന്നതിനാൽ നിങ്ങൾക്ക് എല്ലാമുണ്ട്(8:31). നിങ്ങൾ, കർത്താവിന്റെ വചനവുമായുള്ള ബന്ധത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചാൽ, അതിനർത്ഥം നിങ്ങൾ കർത്താവിൽതന്നെ വസിക്കുന്നു എന്നാണ്. വചനവുമായി ബന്ധപ്പെടുന്നതുമൂലം, നിങ്ങൾ നിത്യവും ശാശ്വതവുമായ ജീവന്റെ ഉറവിടത്തെ സ്പർശിക്കുകയാണ്.

കർത്താവുമായി എപ്പോഴും ബന്ധപ്പെട്ടിരിക്കുന്നതിന്റെ ഫലമായി, നിങ്ങൾ ഒരിക്കലും മരണം രുചിക്കുകയില്ല(8:51). ഇത് ചരിത്രം തെളിയിച്ചിട്ടുള്ളതാണ്. ചില വിശുദ്ധന്മാർ മരിക്കുവാൻ തുടങ്ങിയപ്പോൾ, മരിക്കുകയായിരുന്നെങ്കിലും അവർ മരണം രുചിച്ചില്ല. ഉദാഹരണത്തിന്, ഡി.എൽ.മൂഡി മരിക്കുമ്പോൾ വളരെ ധീരമായി മരിച്ചു. അദ്ദേഹം മരണം രുചിക്കാതെ മരിച്ചു. കാരണം അദ്ദേഹം കർത്താവിൽ വസിക്കുകയും ജീവന്റെ ഉറവിടവുമായി ബന്ധപ്പെടുകയും

ചെയ്തുകൊണ്ടിരുന്നു. അതുപോലെ, നാം കർത്താവിന്റെ വചനത്തിൽ വസിക്കുകയും തുടരുകയും ചെയ്യുന്നുവെങ്കിൽ, നാമും ജീവന്റെ ഉറവിടവുമായി എപ്പോഴും ബന്ധപ്പെടും. പിന്നെ നാം ഒരിക്കലും മരണം രുചിക്കുകയില്ല. നാം മരണം രുചിക്കാതെ അതിലൂടെ കടന്നുപോകും.

യോഹന്നാന്റെ സുവിശേഷം ജീവന്റെ പുസ്തകമാണ്. അതെ അല്ലെങ്കിൽ അല്ല, എന്ന ഉത്തരം ലഭിക്കുമെന്ന ഉദ്ദേശ്യത്തോടെ ഈ സുവിശേഷത്തിൽ ആളുകൾ പലപ്രാവശ്യം കർത്താവിനോട് ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. എന്നാലും കർത്താവ് ഒരിക്കലും അതേ അല്ലെങ്കിൽ അല്ല എന്നുത്തരം പറഞ്ഞിട്ടില്ല. ഉദാഹരണത്തിന് നാലാം അദ്ധ്യായത്തിൽ "ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്കരിച്ചുവന്നു; നമസ്കരിക്കേണ്ട സ്ഥലം യെരുശലേമിൽ ആകുന്നു" എന്ന് നിങ്ങൾ പറയുന്നു എന്ന് ശമര്യാക്കാരി സ്ത്രീ പറഞ്ഞു(4:20). അതായത്, ആരാധിക്കുവാൻ പറ്റിയ സ്ഥലം ഏതാണെന്ന് അവൾ അവനോട് ചോദിക്കുകയായിരുന്നു. കർത്താവായ യേശു സ്ഥലം ഏത് എന്ന് പറഞ്ഞില്ല. ദൈവം ആത്മാവാകുന്നു എന്നും നാം അവനെ ആത്മാവിൽ ആരാധിക്കണം എന്നും അവൻ പറഞ്ഞു(4:24). അത് ഇവിടെയോ അവിടെയോ എന്ന വിഷയമല്ല; അത് ജീവവൃക്ഷമായ ദൈവവുമായി ആത്മാവിൽ ബന്ധപ്പെടുന്ന ഒരു വിഷയമാണ്. കർത്താവായ യേശു അതെ എന്നോ അല്ല എന്നോ അവളോട് ഉത്തരം പറഞ്ഞില്ല. എന്നാൽ ജീവവൃക്ഷമായ ദൈവവുമായി ബന്ധപ്പെടുവാൻ അവളെ മനുഷ്യാത്മാവിലേക്ക് തിരിച്ചു. എട്ടാം അദ്ധ്യായത്തിൽ പരീശന്മാർ ഒരു പാപിയായ സ്ത്രീയെ കൊണ്ടുവന്ന്, അവളെ കല്ലെറിയണമോ, വേണ്ടയോ എന്ന് കർത്താവിനോട് ചോദിച്ചപ്പോഴും തത്ത്വം അതു തന്നെയായിരുന്നു. വീണ്ടും കർത്താവ് അതെ എന്നോ അല്ല എന്നോ ഉള്ള ഉത്തരം നൽകിയില്ല."നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ആദ്യം കല്ലെറിയട്ടെ"(8:7) എന്ന് അവൻ പറഞ്ഞു. കർത്താവിന്റെ മറുപടി അവരെ ജീവവൃക്ഷമായ കർത്താവിലേക്ക് തിരിച്ചു. പിന്നീട്, ഒൻപതാം അദ്ധ്യായത്തിലേക്ക് വരുമ്പോൾ, ജന്മനാ കുരുടനായ മനുഷ്യനെക്കുറിച്ച് അവന്റെയോ അവന്റെ മാതാപിതാക്കളുടെയോ പാപം അവൻ കുരുടനായി ജനിക്കുവാൻ കാരണമാക്കിയെന്ന് ശിഷ്യന്മാർ കർത്താവിനോട് ചോദിച്ചതായി നാം കാണുന്നു. കർത്താവ് അവരോട് മറുപടിയായി ഇങ്ങനെ പറഞ്ഞു,"അവനോ അവന്റെ അമ്മയപ്പൻമാരോ പാപം ചെയ്തിട്ടില്ല; ദൈവപ്രവൃത്തി അവനിൽ വെളിവാകേണ്ടതിനാണ്"(9:3). ഒരിക്കൽകൂടി, കർത്താവ് അവരെ ജീവവൃക്ഷമായ ദൈവത്തിലേക്ക് തിരിച്ചുകൊണ്ട് മറുപടി പറഞ്ഞു. യോഹന്നാന്റെ സുവിശേഷം ജീവന്റെ പുസ്തകമാണ്. അതൊരിക്കലും നന്മതിന്മകളെ സംബന്ധിച്ച അറിവിന്റെ വൃക്ഷം അനുസരിച്ച് മറുപടി നൽകുന്നില്ല. എന്നാൽ അത് എപ്പോഴും ആളുകളെ ജീവവൃക്ഷത്തിലേക്ക്

തിരിക്കുന്നു. അവിടെ ശരിയോ തെറ്റോ, നല്ലതോ തീയതോ, അതെയോ അല്ലയോ, എന്നീ ഉത്തരങ്ങളില്ല. അവിടെ ഒന്നു മാത്രമേയുള്ളൂ-ജീവൻ. നിങ്ങൾ തെറ്റായിരിക്കരുത് എന്നതുപോലെതന്നെ നിങ്ങൾ ശരിയായിരിക്കയും അരുത്. നിങ്ങൾ ജീവനെ മാത്രമേ ഗൗനിക്കേണ്ടതുള്ളൂ. നിങ്ങൾക്ക് ജീവനുള്ളപ്പോൾ, എല്ലാം നല്ലതാണ്.